## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1572. 03.10.2011 ൽ മറുപടിയ്ക്ക്**

**സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ നിയമം**

**ചോദ്യം**

**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**
**ശ്രീ. സി.കെ. സദാശിവൻ**
**ശ്രീ. സാജു പോൾ**
**ശ്രീ. വി. ചെന്താമരാക്ഷൻ**

എ) സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര ഗുണ്ടകളെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചിട്ടുണ്ട്; മുൻ സർക്കാരിന്റെ കാലത്ത് ജയിലിലടയ്ക്കപ്പെട്ട ഗുണ്ടകൾ എത്രയായിരുന്നു;

ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജയിലിൽ ആയിരുന്ന എത്രപേർ ഇപ്പോൾ പുറത്തിറങ്ങിയിട്ടുണ്ട്?

**മറുപടി**

**ശ്രീ . ഉമ്മൻ ചാണ്ടി**
**മുഖ്യമന്ത്രി**

എ) കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2007 ഇപ്പോൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട് . ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 58 ഗുണ്ടകളെ ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കരുതൽ തടങ്കലിലാക്കിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ഈ നിയമപ്രകാരം 675 പേരെ കരുതൽ തടങ്കലിൽ വച്ചിരുന്നു.

ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജയിലിൽ ആയിരുന്ന 29 പേർ ഇപ്പോൾ പുറത്തിറങ്ങിയിട്ടുണ്ട്. കരുതൽ തടങ്കലിന്റെ കാലാവധി (ആറ് മാസം) പൂർത്തിയാക്കിയതിനാലും കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള ഉപദേശക ബോർഡിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിലും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് ഇവർ പുറത്തിറങ്ങിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ